"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ.അബ്ദുൾ റൗഫിന്റെ അനധികൃത ഹാജരില്ലായ്മക്കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1762/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/09/2021

---

പരാമർശം:-

1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. ശ്രീ.അബ്ദുൾ റൗഫിന്റെ 05.10.2020 ലെ ശൂന്യവേതനാവധിയപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 29.12.2020,15.04.2021 എന്നീ തീയതികളിലെ ഇ4-13935/20 നമ്പർ കത്തുകൾ.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ.അബ്ദുൾ റൗഫ് ടിയാൻ അനുമതിയില്ലാതെ അനധികൃത ഹാജരില്ലായ്മയിലായിരുന്ന 05.03.2018 മുതൽ 03.09.2019 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.അബ്ദുൾ റൗഫ് 04.08.2009 ൽ ആണ് ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൻ 05.03.2018 മുതൽ 03.09.2019 വരെ അനുമതിയില്ലാതെ അനധികൃതമായി കെ.എസ്.ആർ.ഭാഗം 1, അപ്പൻഡിക്സ് XII A പ്രകാരം അവധിയിൽ പ്രവേശിച്ചതിന് ടിയാനെതിരായുള്ള അച്ചടക്ക നടപടി ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെ തീർപ്പാക്കിയിട്ടുണ്ട്. അനധികൃത ഹാജരില്ലായ്മയ്ക്ക് ശേഷം 04.09.2019 ൽ ടിയാൻ തിരികെ സേവനത്തിൽ പുനഃപ്രവേശിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ.അബ്ദുൾ റൗഫ് അനധികൃത ഹാജരില്ലായ്മയിലായിരുന്ന 05.03.2018 മുതൽ 03.09.2019 വരെയുള്ള കാലയളവ് 05.03.2018-ന് മുൻപ് ടിയാൻ പ്രൊബേഷൻ പൂർത്തീകരിച്ചതിനാൽ മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, തീക്കോയി ഗ്രാമപഞ്ചായത്ത്, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.അബ്ദുൾ റൗഫ്, ക്ലാർക്ക്, തീക്കോയി ഗ്രാമപഞ്ചായത്ത്, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധന വകുപ്പ്(28.07.2021 ലെ ധെവ.5/92/2021/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/ രുതൽ ഫയൽ.(8/ഇപിഎ1/2021/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ